## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.591      8/7/2013 -ൽ മറുപടിയ്ക്ക്

# കൊപ്രാസംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ്<br>,, എളമരം കരീം<br>,, കെ. ദാസൻ<br>,, എം. ഹംസ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | കൊപ്രയുടെ താങ്ങുവില പുതുക്കി നിശ്ചയിച്ച് ആറ് മാസം കഴിഞ്ഞിട്ടും കൊപ്രാ സംഭരണം എങ്ങുമെത്തിയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഇല്ല. 2013 സീസണിലെ കൊപ്രയുടെ താങ്ങുവില കേന്ദ്രസർക്കാർ പുതുക്കി നിശ്ചയിച്ചു എങ്കിലും സംഭരണത്തിൽ നാഫെഡിനുണ്ടാകുന്ന നഷ്ടത്തിന്റെ 15% മാത്രമേ കേന്ദ്രസർക്കാർ വഹിക്കൂ എന്ന കാരണത്താൽ നാഫെഡ് സംഭരണം നിർത്തി വയ്ക്കുകയുണ്ടായി. കേന്ദ്രസർക്കാർ നാഫെഡിനുണ്ടാകുന്ന നഷ്ടം 100 ശതമാനം വഹിക്കാമെന്ന ഉറപ്പ് നൽകിയതിന് ശേഷമാണ് നാഫെഡ് 2013 സീസണിലെ കൊപ്ര സംഭരണം പുനരാരംഭിച്ചത്. എന്നാൽ സംസ്ഥാന സർക്കാർ 21 കോടി രൂപ മുടക്കി പച്ചതേങ്ങ കൃഷി ഭവൻ വഴി സംഭരിക്കുവാൻ തുടങ്ങി. |
| (ബി) | കർഷകർക്ക് പുതുക്കിയ നിരക്കിലുള്ള താങ്ങുവില ലഭ്യമാക്കാത്ത സ്ഥിതിവിശേഷം ഉണ്ടായതിന്റെ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | |
| (സി) | കഴിഞ്ഞ കാലങ്ങളിൽ സംഭരണത്തിൽ വന്ന പാളിച്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ അവ | (സി) | 2012 സീസണിൽ കൊപ്ര സംഭരണം നടപ്പിലാക്കിയിരുന്ന സമയത്ത് സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം |

| | | | |
|---|---|---|---|
| | വിശദീകരിക്കാമോ; | | പരിഹരിക്കുന്നതിനായി സംഭരിച്ച കൊപ്രയ്ക്ക്, ക്വിന്റലിന് 500 രൂപ നിരക്കിൽ ഇൻസെന്റീവ് അനുവദിച്ച് നൽകുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്. 2013 സീസണിലെ സംഭരണത്തിനായി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കൃഷിഭവനിൽ നിന്നും കർഷകർക്ക് നൽകുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ കർഷകരുടെ ഉല്പന്നമാണ് സംഭരിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അക്കൗണ്ടിൽ കൂടി മാറാവുന്ന ചെക്ക് മുഖേന വേണം കർഷകർക്ക് തുക നൽകേണ്ടതെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി) | ഈ സീസണിൽ സംഭരണ ലക്ഷ്യം കൈവരിക്കാൻ സർക്കാരിനാകുമോ; എത്ര ടൺ കൊപ്ര സംഭരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | ഡി) | കേന്ദ്രസർക്കാരിന്റെ താങ്ങുവില അനുസരിച്ച് പരമാവധി കൊപ്ര സംഭരിച്ച് വിപണി വില ഉയർത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ